4837/2022

I/5175863/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ആഭ്യന്തര(ബി) വകുപ്പ്

നമ്പർ.ബി3/41/2022/ആഭ്യന്തരം

22-02-2022,തിരുവനന്തപുരം

G

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

തിരുവനന്തപുരം

സർ,

വിഷയം:- ആഭ്യന്തര വകുപ്പ്-ദേശീയ ഹരിത ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിയ്ക്കുന്ന റിപ്പോർട്ടുകളിലെ അഭിപ്രായ ഭിന്നത ഒഴിവാക്കുന്നത്-സംബന്ധിച്ച്.

സൂചന:- പരിസ്ഥിതി(എ) വകുപ്പിന്റെ 08.09.2021-ലെ എ2/76/2021/പരി നമ്പർ സർക്കുലർ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നതോടൊപ്പം പകർപ്പ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

SNEHALATHA K

അണ്ടർ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by Jijimon.r

Date: 22-02-2022 15:01:11

സെക്ഷൻ ഓഫീസർ.

P

25/2

26/2/22

G1

കേരള സർക്കാർ
പരിസ്ഥിതി (എ) വകുപ്പ്

നമ്പർ.എ2/76/2021/പരി

തിരുവനന്തപുരം.
തീയതി :8.9.2021

## സർക്കുലർ

വിഷയം : പരിസ്ഥിതി - വിവിധ വകുപ്പുകൾ ദേശീയ ഹരിത ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിക്കുന്ന റിപ്പോർട്ടുകളിലെ അഭിപ്രായഭിന്നത ഒഴിവാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 1) ദേശീയ ഹരിത ട്രൈബ്യൂണൽ (എസ്.ഇസഡ്) ന്റെ ഒ.എ.നം.10/2021 ലെ 05-08-2021 ലെ ഉത്തരവ്.

2) ദേശീയ ഹരിത ട്രൈബ്യൂണൽ (എസ്.ഇസഡ്) ന്റെ ഒ.എ.നം.117/2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ 10-08-2021 ലെ യോഗത്തിലെ മിനിട്സ്.

....

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ ബഞ്ചുകളിൽ സംസ്ഥാന സർക്കാരിനെ എതിർ കക്ഷിയായി ഫയൽ ചെയ്തിട്ടുള്ളതും. ട്രൈബ്യൂണൽ സ്വമേധയാ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയ പരാതികളിൽ വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ സംഭവിക്കുന്ന അഭിപ്രായ ഭിന്നത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഹരിത ട്രബ്യൂണൽ പോലെയുള്ള നിയമസ്ഥാപനങ്ങൾ മുമ്പാകെ ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ജോയിന്റ് കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകളിലും എറ്റെടുക്കുന്ന പ്രോജക്ടുകളിലും അഭിപ്രായ സമവായം ഉണ്ടാകേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ പാലിക്കേണ്ടതാണ്.

1) റിപ്പോർട്ടുകൾ സമർപ്പിക്കേണ്ട സന്ദർഭങ്ങളിൽ, അഭിപ്രായഭിന്നത സമവായത്തിലൂടെ പരിഗണിച്ച് വകുപ്പുകളിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വങ്ങൾ ഉത്തമ ബോധ്യത്തോടെ നിർവ്വഹിക്കേണ്ടതാണ്.

2) സംസ്ഥാന സർക്കാരിന് കീഴിലെ വകുപ്പുകളിൽ നിന്നുള്ളവരും ,ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുകളിലൂടെ നിയോഗിക്കപ്പെടുന്നവരുമായ കമ്മിറ്റിയിലെ അംഗങ്ങൾക്കിടയിൽ ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള വിഷയത്തിൽ ആരോഗ്യകരമായ ചർച്ചകൾ ഉണ്ടാകേണ്ടതും പൊതുനന്മക്ക് ഏറ്റവും അതാത് വകുപ്പുകളിൽ നിലവിലുള്ള നിയമത്തിനും ചട്ടത്തിനും വിധേയമായി ഉചിതമായ വിധത്തിൽ വിവിധ വകുപ്പുകളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിനുള്ള ശ്രദ്ധ ഓരോ വകുപ്പിന്റെയും ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്. ചട്ട ലംഘനം ഉണ്ടെങ്കിൽ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

3) എല്ലാ വകുപ്പുകളും കാര്യക്ഷമമായി ഏകോപിപ്പിച്ച് പ്രവർത്തിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ നയം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4) അതാത് ആവശ്യത്തിന് ഹരിത ട്രൈബ്യൂണൽ നിയോഗിക്കുന്ന കമ്മിറ്റി പ്രശ്ന പരിഹാരത്തിന് സഹായകരമായ സ്ഥായിയായ ഒറ്റകാഴ്ചപ്പാട് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) പ്രസ്തുത കമ്മിറ്റിയിൽ അഭിപ്രായ സമന്വയം രൂപപ്പെടാത്ത സാഹചര്യത്തിൽ കമ്മിറ്റി അംഗങ്ങൾക്കിടയിൽ ചർച്ച നടത്തി പൊതു സമ്മതമായ തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് ജില്ലാഭരണാധികാരി എന്ന നിലയ്ക്ക് അതത് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

6) പരിസ്ഥിതി സംബന്ധിച്ച വിഷയങ്ങളിലുള്ള ഭിന്നാഭിപ്രായങ്ങൾ കാര്യമായി പരിഹരിക്കാൻ കഴിയാത്തപക്ഷം ആ വിഷയം പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ഡോ.വേണു. വി, ഐ. എ. എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ

എല്ലാ വകുപ്പുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഡയറക്ടർ, വ്യവസായ ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ സർവ്വീസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം
ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി, തിരുവനന്തപുരം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന തണ്ണീർത്തട അതോറിറ്റി, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.